"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് – കേരള കാർഷിക സർവ്വകലാശാല – മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള കാർഷിക കോളേജുകളിലെ വിവിധ കോഴ്സുകളിലെ പ്രവേശനത്തിന് 46 സൂപ്പർ ന്യൂമററി സീറ്റുകൾ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**കൃഷി (ഫാംസ്) വകുപ്പ്**

**സ.ഉ.(സാധാ) നം.542/2020/കൃഷി** തീയതി,തിരുവനന്തപുരം, 17/06/2020

---

പരാമർശം:- 1 ജി.ഒ(എം.എസ്) നം.1/2020/പി&എ.ആർ.ഡി തീയതി 03.01.2020.

2 ജി.ഒ(എം.എസ്) നം.62/2020/ഉ .വി.വ തീയതി 30.01.2020.

3 കേരള കാർഷിക സർവ്വകലാശാല രജിസ്ട്രാറുടെ 21/05/2020 തീയതിയിലെ അക്കാഡ്സ് സി1/2020/101/4708(i) നമ്പർ കത്ത്.

**ഉത്തരവ്**

കേരളത്തിലെ പൊതുവിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന് ന്യൂനപക്ഷ ഇൻസ്റ്റിറ്റ്യൂഷൻ ഒഴികെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും 10% സീറ്റുകൾ റിസർവ്വ് ചെയ്തുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പരാമർശം (2) ഉത്തരവ് പ്രകാരം കേരളത്തിലെ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേക്കുള്ള 2020 ലെ പ്രവേശനത്തിനുള്ള (KEAM) പ്രോസ്പക്ടസ് അംഗീകരിച്ചിട്ടുണ്ട്. പരാമർശം (1) ഉത്തരവിന്റെ അടിസ്ഥാനത്തിൽ മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള കാർഷിക കോളേജുകളിലെ വിവിധ കോഴ്സുകളിലെ പ്രവേശനത്തിന് 46 സൂപ്പർ ന്യൂമററി സീറ്റുകൾ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം (3) പ്രകാരം കേരള കാർഷിക സർവ്വകലാശാല രജിസ്ട്രാർ സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള കാർഷിക കോളേജുകളിലെ വിവിധ കോഴ്സുകളിലെ പ്രവേശനത്തിന് താഴെ പറയും പ്രകാരം സൂപ്പർ ന്യൂമററി സീറ്റുകൾ സൃഷ്ടിച്ച് പ്രസ്തുത സീറ്റുകളിൽ KEAM 2020 മുഖേന പ്രവേശനം നടത്താനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| കോഴ്സ് | കോളേജ് | സീറ്റുകളുടെ എണ്ണം |
|---|---|---|
| ബി.എസ്.സി (ഹോണേഴ്സ്) അഗ്രി | കാർഷിക കോളേജ് വെള്ളായണി | 14 |
| ബി.എസ്.സി (ഹോണേഴ്സ്) അഗ്രി | കോളേജ് ഓഫ് ഹോർട്ടികൾച്ചർ, വെള്ളാനിക്കര | 9 |
| ബി.എസ്.സി (ഹോണേഴ്സ്) അഗ്രി | കാർഷിക കോളേജ്, പടന്നക്കാട് | 9 |
| ബി.എസ്.സി (ഹോണേഴ്സ്) അഗ്രി | കാർഷിക കോളേജ്, വയനാട് | 6 |

| | | |
|---|---|---|
| ബി.എസ്.സി (ഹോണേഴ്സ്) ഫോറസ്ട്രി | കോളേജ് ഓഫ് ഫോറസ്ട്രി, വെള്ളാനിക്കര | 2 |
| ബി.ടെക്ക് (അഗ്രി.എഞ്ചി) | കാർഷിക എഞ്ചിനിയറിംഗ് കോളേജ്, തവനൂർ | 3 |
| ബി.ടെക്ക് (ഫുഡ് ടെക്നോളജി) | കാർഷിക എഞ്ചിനിയറിംഗ് കോളേജ്,തവനൂർ | 3 |
| | **ആകെ** | 46 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ജയശ്രീ എൽ**

**ഡെപ്യൂട്ടിസെക്രട്ടറി**

പകർപ്പ്

രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, തൃശ്ശൂർ.

കംപ്ട്രോളർ, കേരള കാർഷിക സർവ്വകലാശാല, തൃശ്ശൂർ.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.

പ്രവേശന പരീക്ഷ കമ്മീഷണർ,ഹൗസിംഗ് ബോർഡ് ബിൽഡിംഗ്,തിരുവനന്തപുരം.

ഉന്നത വിദ്യാഭ്യാസ വകുപ്പ്.

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :-ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.